# ഭരണഭാഷ - മാതൃഭാഷ

**മേലെഴുത്ത് നമ്പർ ഇഎ2/42378/23/ഡിടിഇ  തീയതി: 30.10.2023**

കേരളത്തിന്റെ വികസന സാംസ്കാരിക നേട്ടങ്ങളെയും സാമൂഹിക മുന്നേറ്റങ്ങളെയും ലോകത്തിന് മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2023 നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരത്ത് കേരളീയം 2023 പരിപാടി സംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരും വിദ്യാർത്ഥികളും എക്സിബിഷൻ സ്റ്റാളുകൾ സന്ദർശിക്കുന്നതിനും വിവിധ വിഷയങ്ങളിൽ നടത്തുന്ന ചർച്ചകൾ, സെമിനാറുകൾ എന്നിവയിൽ പങ്കെടുക്കുന്നതിനും ആവശ്യമായ നടപടികൾ അതത് സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതാണ്. ആയതിനാൽ ടി ഉത്തരവ് വകുപ്പിന് കീഴിലെ സ്ഥാപന/ഓഫീസ് മേധാവികളുടെ അറിവിലേക്കും തുടർ നടപടികൾക്കുമായും നൽകുന്നു.

പകർപ്പ്:-

1. വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും (ഡി.ടി.ഇ വെബ് സൈറ്റ് വഴി)
2. കരുതൽ സഞ്ചയം

Approval Valid

Digitally Approved By
Mansoor A
Date: 30.10.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #6 of File EA2/42378/23/DTE Approved by Administrative Assistant on 30-Oct-2023 02:42 PM - Page 1

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്- നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന കേരളീയം പരിപാടിയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്ന് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരും വിദ്യാർത്ഥികളും എക്സിബിഷൻ സ്റ്റാളുകൾ സന്ദർശിക്കുന്നതിനും വിവിധ വിഷയങ്ങളിൽ നടക്കുന്ന ചർച്ചകൾ, സെമിനാറുകൾ എന്നിവയിൽ പങ്കെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനമേധാവികൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1598/2023/HEDN തീയതി,തിരുവനന്തപുരം, 28-10-2023

---

**ഉത്തരവ്**

കേരളത്തിന്റെ വികസന സാംസ്കാരിക നേട്ടങ്ങളെയും സാമൂഹിക മുന്നേറ്റങ്ങളെയും ലോകത്തിന് മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പരിപാടിയാണ് കേരളീയം 2023. 1956 നവംബർ 1-ന് ഭാഷാടിസ്ഥാനത്തിൽ കേരളം രൂപീകൃതമായത് മുതൽ 67 വർഷത്തിനുള്ളിൽ കേരളം കൈവരിച്ച നേട്ടങ്ങളെയും വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങളെയും മുന്നോട്ടുള്ള സാധ്യതകളെയുംക്കുറിച്ചുള്ള സംവാദങ്ങളും, തനത് വിഭവങ്ങളെയും സാംസ്കാരിക പൈതൃകത്തെയും കാർഷിക-വ്യവസായ പുരോഗതിയെയും നൂതന സാങ്കേതികവിദ്യ രംഗത്തെ നേട്ടങ്ങളെയും വിളിച്ചറിയിക്കുന്ന പ്രദർശനങ്ങളും കേരളീയത്തിന്റെ ഭാഗമായി നടക്കുന്നുണ്ട്. കേരളത്തിന്റെ വികസന മാതൃകകൾ ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുന്നതിനൊപ്പം ലോക വൈജ്ഞാനിക രംഗത്തു നിന്ന് പുതിയ ആശയങ്ങൾ സ്വാംശീകരിക്കാനും കേരളീയം പരിപാടി സഹായിക്കും.

2) പ്രസ്തുത സാഹചര്യത്തിൽ നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന കേരളീയം പരിപാടിയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരും വിദ്യാർത്ഥികളും എക്സിബിഷൻ സ്റ്റാളുകൾ സന്ദർശിക്കുന്നതിനും വിവിധ വിഷയങ്ങളിൽ നടക്കുന്ന ചർച്ചകൾ, സെമിനാറുകൾ എന്നിവയിൽ പങ്കെടുക്കുന്നതിനും ആവശ്യമായ നടപടികൾ അതത് സ്ഥാപനമേധാവികൾ സ്വീകരിക്കേണ്ടതാണ് എന്ന നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജുകുമാർ എൻ
ജോയിന്റ് സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം

4. സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം
5. സെക്രട്ടറി , കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ , തിരുവനന്തപുരം
6. സ്റ്റേറ്റ് ലെയിസൺ ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ, ആറാം നില, വികാസ് ഭവൻ. തിരുവനന്തപുരം
7. പ്രവേശന പരീക്ഷാ കമ്മീഷണർ, 7ാം നില, കെ.എസ്, ആർ.റ്റി.സി ബസ് ടെർമിനൽ കോംപ്ലക്സ് തമ്പാനൂർ , തിരുവനന്തപുരം
8. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഹെഡ് ഓഫീസ് കോംപ്ലക്സ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം - 13.
9. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, റ്റി.സി 86/1949(2), എൻ.എച്ച്.ബൈ പാസ്സ് ജംഗ്ഷൻ, ചാക്ക, പേട്ട.പി.ഒ, തിരുവനന്തപുരം.
10. ഡയറക്ടർ,കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം
11. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
12. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ആനത്തറ ലെയിൻ ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
13. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
14. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാള സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, തിരുവനന്തപുരം/ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, കൊല്ലം
15. മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ഉന്നതവിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം
16. ഡയറക്ടർ, കേരള ചരിത്ര ഗവേഷണ കൗൺസിൽ, തിരുവനന്തപുരം.
17. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്, കോട്ടയം-686 585
18. ചെയർ പേഴ്സൺ/മാനേജിംഗ് ഡയറക്ടർ, അസാപ്, മൂന്നാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
19. റിസർച്ച് ഓഫീസർ/പ്രോജക്റ്റ് കോ-ഓഡിനേറ്റർ, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടേറ്റ് കേരളം റൂസ, പി.എം.ജി, തിരുവനന്തപുരം.
20. അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
21. നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

ഉത്തരവിൻ പ്രകാരം
Signed by
Sobha D
Date: 28-10-2023 16:13:09
സെക്ഷൻ ഓഫീസർ